# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD16/1270/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD16/1270/22 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 23-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 06-05-2022 | 13-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-05-2022 | 13-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു.ബിജു ആന്റണി., ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.സി. ഹരിഗോബിന്ദ്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ.കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.എം.വി.ബിന, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| നന്ദവിലാസിനി. എൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അബ്ദുൾ ലത്തീഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജി. തുളസീധരൻ | സെക്രട്ടറി | 01-04-2020 | 17-06-2020 |
| മിഥുൻ കൈലാസ് | സെക്രട്ടറി | 18-06-2020 | 07-03-2021 |
| സ്മിത.എസ്. | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നിനാദ്.കെ.ആർ | അസി.എഞ്ചിനീയർ | 01-04-2020 | 17-08-2020 |
| സുകേഷ്.സി.യൂ | അസി.എഞ്ചിനീയർ | 18-08-2020 | 15-10-2020 |
| പാർവ്വതി.ടി. ആർ | അസി.എഞ്ചിനീയർ | 16-10-2020 | 31-03-2021 |
| ശാലിനി.സി. | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജയശ്രീ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 13-01-2021 |
| ഉഷ.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14-01-2021 | 31-03-2021 |
| ഡോ.ബാലൻ | വെറ്റിനറി സർജൻ | 01-04-2020 | 01-08-2020 |
| ഡോ. ശ്രീലക്ഷ്മി. എം. | വെറ്റിനറി സർജൻ | 02-08-2020 | 31-03-2021 |
| ഡോ. സൗമ്യ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 21-03-2021 |
| ഡോ. മൊയ്തീൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 22-03-2021 | 31-03-2021 |
| ഡോ. ശ്രീഹരി മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ദീപ.യൂ.വി. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ബീന. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രസന്ന.ടി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 02-03-2021 |
| ശ്രീമതി. ഉമൈബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-03-2021 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-05-2022) | 1 |
| 2 | ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: M.V.Beena (Senior Grade Auditor, On 27-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-8 |
| 10 | ആഭ്യന്തിര നിയന്ത്രണം.<br>Written By: Biju Antony (Audit Officer, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-10 |
| 12 | തൊഴിൽനികുതി - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 27-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-11 |
| 13 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല.<br>Written By: M.V.Beena (Senior Grade Auditor, On 29-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-12 |
| 14 | വാടക – രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 29-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-13 |
| 15 | കർഷകർക്ക് പാലിന് സബ്സിഡി-നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-14 |
| 16 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകൽ | 1-15 |

| | | |
|---|---|---|
| | -നിർവ്വഹണത്തിൽ വീഴ്ച<br>Written By: K.V.Rajan (Senior Grade Auditor, On 12-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | |
| 17 | അർഹതയില്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നൽകി<br>Written By: K.V.Rajan (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-15-1 |
| 18 | പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം<br>Written By: K.V.Rajan (Senior Grade Auditor, On 12-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-15-2 |
| 19 | കൃഷി ഓഫീസർ - തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല<br>Written By: K.V.Rajan (Senior Grade Auditor, On 09-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-16 |
| 20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-17 |
| 21 | സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്റ്റുകൾ ഹാജരാക്കുകയുണ്ടായില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-18 |
| 22 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-19 |
| 23 | എസ്.സി.പി പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Biju Antony (Audit Officer, On 09-06-2022) | 1-20 |
| 24 | സ്റ്റാന്റിംഗ് കമ്മിറ്റികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-21 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനം തെരുവ് വിളക്കുകളുടെ പരിപാലനം<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-22 |
| 26 | KSEB യുമായുള്ള സംയുക്ത പരിശോധന<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-22-1 |
| 27 | മീറ്ററിംഗ് സംവിധാനം<br>Written By: K.C.Harigobind (Senior Grade Auditor, On 24-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-22-2 |
| 28 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-23 |
| 29 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല . ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-24 |
| 30 | കാരണങ്ങൾ വ്യക്തമാക്കാതെ പ്രോജക്ടിലെ പല ഇനങ്ങളും ഒഴിവാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-25 |
| 31 | കുഴൽക്കിണർ കുഴിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ | 1-26 |

| | | |
|---|---|---|
| | ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.<br>Written By: Biju Antony (Audit Officer, On 30-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിശദവിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 08-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.C.Harigobind (Senior Grade Auditor, On 08-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-8 |
| 9 | ചാർജ് /സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 07-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1 ബജറ്റ്

2020-21 ലെ ബജറ്റ് പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് 27.03.2020 ലെ 1/1ാം നം. തീരുമാന പ്രകാരം അന്തിമമാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 50,79,951 |
| വരവ് | 1,20,3,10,000 |
| ആകെ | 12,53,89,951 |
| ചെലവ് | 1,23,510,150 |
| നീക്കിയിരിപ്പ് | 18,79,801 |

2020-21 സാമ്പത്തിക വർഷത്തിൽ പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

## 1-1 ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ

നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്ത്, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രൊപ്പോസലുകൾ അനുവദനീയമായ സമയക്രമത്തിനുള്ളിൽ സമർപ്പിച്ചതായി കണ്ടില്ല. വിശദവിവരങ്ങൾ :

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമ പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2020-2021 ഡിസംബർ 15-ന് മുൻപ് | 26.02.2020 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2020-2021 ജനവരി 15-ന് മുൻപ് | തീയതി ലഭ്യമല്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2020-21 ജനവരി 25-ന് മുൻപ് | 7.02.2020 (ക്ഷേമം) 26.02.2020 (ധനകാര്യം) |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2020-2021 ഫെബ്രുവരി 1-ന് മുൻപ് | 26.02.2020 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2020-2021 ഫെബ്രുവരി 28-ന് മുൻപ് | 7.04.2019 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2020-2021 മാർച്ച് 1-ന് മുൻപ് | 13.03.2020 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2020-2021 മാർച്ച് 7-ന് മുൻപ് | 26.03.2020 |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2020-2021 മാർച്ച് 31-ന് മുൻപ് | 27.03.2020 |

ഓഡിറ്റ് നിർദ്ദേശങ്ങൾ(1.05.2022 ലെ അന്വേഷണ നം.2)

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 /ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1.അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15 -നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2.മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നത് മുമ്പ് തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3.സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യതിയാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ് .

4.3.2.02.12.2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണ്.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27-5-21 | | |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12,643,275/- |
| വരവ് | 647,34,658/- |
| ആകെ | 77,377,933/- |
| ചെലവ് | 65,144,697/- |
| നീക്കിയിരിപ്പ് | 12,233,236/- |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10,016,498 | 10,016,498 | 99,13,460 | 103,038 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6,571,412 | 6,571,412 | 5,80,9,289 | 7,62,123 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9,838,000 | 9,838,000 | 97,38,495 | 99,505 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3,837,788 | 3,837,788 | 2,701,102 | 1,136,686 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ACR പ്രകാരം) | 0 | 98,41,948 | 98,41,948 | 7160944 | 2,68,1004 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 52,60,000 | 52,60,000 | 1,14,7,811 | 41,12,189 |
| ദുരിതാശ്വാസനിധി | 18,676 | 10,993 | 29,669 | 136 | 29,553 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം TSC തിരിച്ച് ചേർക്കുക) | 23,79,830 | 24,10,116 | 4,78,9,946 | 89,8,000 | 3,89,1,946 |
| ICDS | 73,7957 | 10,17,551 | 17,55,508 | 12,00,000 | 5,55,508 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ബ്ലോക്ക് പഞ്ചായത്ത് | 8,03,804 | 3,11,823 | 49,9181 | 0 | 49,9181 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ജില്ലാ പഞ്ചായത്ത് | 3,731 | 0 | 3731 | 0 | 3731 |
| BRGF | 22580 | 0 | 22580 | 0 | 22580 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 275 | 11,10,53,100 | 116 | 4,66,43,546 | 0 | 159 | 42 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 8 | 9592542 | 8,11,2930 | 84.57 |
| വി.ഇ.ഒ. | 13 | 11 | 40760140 | 46,00,619 | 11.28 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 6 | 6130712 | 44,69,446 | 73 |
| സെക്രട്ടറി | 21 | 7 | 6486338 | 10,88,165 | 16.77 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 191 | 63 | 39094133 | 24,43,9,333 | 62.51 |
| മെഡിക്കൽ ഓഫീസർ _ | 09 | 9 | 1352567 | 1,09,0621 | 80.63 |

| | | | | | |
|---|---|---|---|---|---|
| പി.എച്.സി | | | | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 02 | 2 | 6,00,000 | 3,00,000 | 50 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 03 | 3 | 10,50,000 | 10,49,178 | 99.92 |
| അസിസ്റ്റന്റ് സെക്രട്ടറി | 09 | 5 | 34,66,668 | 13,33,3254 | 38.45 |
| വെറ്ററിനറി സർജ്ജൻ | 05 | 2 | 25,20,000 | 1,60,000 | 6.34 |
| ആകെ | 275 | 116 | 11,10,53,100 | 46,64,3546 | 42 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 301440 | 923276 | 1224716 | 1018082 | 206634 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 11340730 | 11340730 | 11340730 | |
| ആകെ | 301440 | 12264006 | 12565446 | 12358812 | 206634 |

1-7 ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 9360 | 13 |
| കാർഷിക തൊഴിലാളി പെൻഷൻ | 2319600 | 139 |
| വിധവ പെൻഷൻ | 17242600 | 1171 |
| വാർദ്ധക്യകാല പെൻഷൻ | 28994400 | 1992 |
| വികലാംഗ പെൻഷൻ | 5459600 | 368 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1117600 | 75 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 10 |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-04-2022 തിയ്യതിയിൽ സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16757 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തിര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ

സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ പലതിലും സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ ചില മാസങ്ങളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.03.2022 | ജനുവരി 2022, ഫെബ്രുവരി 2022 | 17.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/IV /8A-1451/17തി 26.08.2009 |

1-11 തൊഴിൽനികുതി - രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) . ഗവൺമെന്റ് എൽ.പി.സ്കൂൾ ചെറുകോട് എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ ശങ്കരൻകുട്ടി.എൻ. എന്നയാളുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധവർഷവരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശങ്കരൻകുട്ടി.എൻ | Part Time Menial | 103060 | 750 | 1000 | 250 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുറവ് വന്ന തൊഴിൽനികുതി തുകയായ 250/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം – 9 തീയതി 09.05.2022).

2) . റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ അടവാക്കിയിട്ടില്ല . ടി ജീവനക്കാരുടെ തൊഴിൽനികുതി , റേഷൻകടകളുടെ സ്ഥാപനനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.9/09-05-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3) 2020-21 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തതായി കാണുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| സതേൺ റെയിൽവേ വല്ലപ്പുഴ | I |
| മുത്തൂറ്റ് ഫിൻകോർപ്പ് വല്ലപ്പുഴ | I , II |
| പോസ്റ്റ് ഓഫീസ് കുറുവാട്ടൂർ | I , II |
| B.S.N.L വല്ലപ്പുഴ | I , II |
| ചെറുകോട് പോസ്റ്റ് ഓഫീസ് | II |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9 തീയതി 09.05.2022)

4). കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9 തീയതി 09.05.2022)

5). താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|

| | |
|---|---|
| വല്ലപ്പുഴ സർവ്വീസ് കോഓപ്പ്റേറ്റീവ് ബാങ്ക് ലിമിറ്റഡ് | I ,II |
| മുത്തൂറ്റ് ഫിൻകോർപ്പ് | II |
| മാവേലിസ്റ്റോർ വല്ലപ്പുഴ | I , II |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | I ,II |
| കാനറ ബാങ്ക് വല്ലപ്പുഴ | I , II |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9 തീയതി 09.05.2022)

### 1-12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല.

2012- ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനായി ഫോറം 2 ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും ആയത് പരിശോധിച്ച് ഫോറം 3 ൽ ലൈസൻസ് നൽകേണ്ടതുമാണ്. അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. വളർത്തുന്ന മൃഗങ്ങളുടെ എണ്ണത്തിനനുസൃതമായ തരംതിരിവും ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങളും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റസിയ W/oഹസ ,പുല്ലാട്ടിൽ ,ചുണ്ടംപറ്റ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/28C എന്ന കെട്ടിടത്തിൽ കോഴിഫാം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിരിക്കുന്നത് 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 10 തീയതി - 09.05.2022 ) മേൽ സൂചിപ്പിച്ച സ്ഥാപനം ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല എന്നും ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-13 വാടക – രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ 11 കടമുറികൾ 2020-21 വർഷത്തിൽ വാടകയ്ക്കു നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) .ഗ്രാമപഞ്ചായത്തിന്റെ ,ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന കടമുറി ഒഴിഞ്ഞുകിടക്കുന്നു.

വാടക രജിസ്റ്റർ പ്രകാരം സ്റ്റാൾ നമ്പർ - 5 , 336 – H എന്ന കടമുറി ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയിലാണ് . കടമുറി ഒഴിച്ചിട്ടതുമൂലം വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകാൻ കാരണമാകുന്നു. കടമുറി പുനർലേലം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല.

3). കേരള പഞ്ചായത്ത് രാജ് - വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ 2005 ,ചട്ടം 10 പ്രകാരം കടമുറികൾ വാടകക്കു നൽകുമ്പോൾ പട്ടികജാതി /പട്ടികവർഗ്ഗവിഭാഗക്കാർക്ക് 10 % സംവരണവും അംഗപരിമിതർക്ക് 3% സംവരണവും (50 % വൈകല്യമുള്ളവർക്ക് ) നൽകേണ്ടതാണ് എന്നു നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്ററിൽ പട്ടികജാതി /പട്ടികവർഗ്ഗവിഭാഗത്തിന് സംവരണം , അംഗപരിമിതർക്ക് സംവരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പട്ടികജാതി /പട്ടികവർഗ്ഗ/അംഗപരിമിതർ വിഭാഗത്തിന് മതിയായ സംവരണം നൽകി എന്നു ഉറപ്പു വരുത്തേണ്ടതാണ്.

3. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ 2020-21 വർഷത്തിൽ താഴെ പറയുന്ന കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല.

| കടമുറി നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|

| | | |
|---|---|---|
| സ്റ്റാൾ നമ്പർ - 1 , 336 –B | മുഹമ്മദ്കുട്ടി.പി | 8610 |
| സ്റ്റാൾ നമ്പർ - 2 , 336 – C | ഷമീറ സി.കെ ചാത്തംകുളം | 10500 |
| സ്റ്റാൾ നമ്പർ - 3 , 336 – D | ഷമീറ.സി.കെ ചാത്തംകുളം | 7926 |
| സ്റ്റാൾ നമ്പർ - 4 , 336 – E | മുഹമ്മദ് റഫീക്ക് കെ.ടി | 7508 |

4) കടമുറികൾ വാടകയ്ക്ക നൽകുമ്പോൾ മതിയായ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമയ്ക്കേണ്ടതാണ് നിലവിൽ കരാർ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും കരാർപത്രത്തിൽ രേഖപ്പെടുത്തലുകൾ ഇല്ല .

5) വാടക രജിസ്റ്റർ പ്രകാരം 2020 – 21 വർഷത്തിൽ 636453 രൂപ കുടിശ്ശികയുണ്ട് . ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15 തീയതി 13.05.22 )മറുപടി ലഭ്യമായിട്ടില്ല.

1-14 കർഷകർക്ക് പാലിന് സബ്സിഡി-നടപടിക്രമങ്ങൾ പാലിക്കാതെ തുക അനുവദിച്ചു

പ്രൊജക്റ്റ് നമ്പർ- 49/21

നിർവഹണം- ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്റ്റ് – ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ :രൂ.500000.00 (വികസന ഫണ്ട് - 300000.00 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം -100000.00 + ജില്ല്ലാ പഞ്ചായത്ത് വിഹിതം-100000.00)

ചെലവ്- 200000.00

| ക്രമ നം | ബിൽ നം & തീയതി | ഇനം | തുക |
|---|---|---|---|
| 1 | 2/6.2.21 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 80179.00 |
| 2 | 3/6.2.21 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 19821.00 |
| 3 | 4/31.3.21 | ജില്ല്ലാ പഞ്ചായത്ത് വിഹിതം | 79042.00 |
| 4 | 5/31.3.21 | ജില്ല്ലാ പഞ്ചായത്ത് വിഹിതം | 20958.00 |
| | | ആകെ | 200000.00 |

2020-21 വർഷം കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രൊജക്ടുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി 11.9.20 ന് ചേർന്ന യോഗത്തിലെ 9(1) തീരുമാന പ്രകാരം ചെവിക്കൽപടി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ 30 ക്ഷീരകർഷകർക്കും തറക്കൽപടി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ 131ക്ഷീരകർഷകർക്കും സബ്സിഡി അനുവദിക്കുന്നതിനുള്ള ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് നമ്പർ- 49/21ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.
1)പ്രൊജക്റ്റ് നമ്പർ- 49/21ന്റെ അടങ്കലിൽ ഗ്രാമ പഞ്ചായത്ത് വികസന ഫണ്ട് ( പൊതു വിഭാഗം സാധാരണ വിഹിതം) ഇനത്തിൽ 3 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് വികസന ഫണ്ടിൽ തുകയൊന്നും ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിന് 2020-21 വർഷം

ചെലവഴിച്ചിട്ടില്ല.

2) തറക്കൽപടി, ചെവിക്കൽപടി എന്നീ ക്ഷീരോല്പാദക സഹകരണ സംഘത്തിലെ സെക്രട്ടറിമാർ നൽകിയ പട്ടികകളിൽ ഗുണഭോക്താക്കൾ അളന്ന പാലിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നിർവ്വഹണോദ്യഗസ്ഥൻ സഹകരണ സംഘം സെക്രട്ടറിമാർ ലഭ്യമാക്കിയ പട്ടികകൾ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുമായും, സംഘങ്ങളിലെ സംഭരണ രജിസ്റ്ററുമായും ഒത്തുനോക്കുകയോ, സമർപ്പിച്ച ക്ലയിം തുകയുടെ കൃത്യത പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെയാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

3) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുത്. മേൽ പ്രൊജക്റ്റുകളിലെ എല്ലാ ഗുണഭോക്താക്കളുടെയും കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ സ്വീകരിച്ചിട്ടില്ല.

4)2020-21വർഷം മിൽക്ക് ഇൻസന്റീവ് ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 2/6.5.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ/മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൌണ്ട് നമ്പർ | ബിൽ നം 2/6.2.21 | ബിൽ നം 3/6.2.21 | ബിൽ നം 4/31.3.21 | ബിൽ നം 5/31.3.21 | ആകെ |
|---|---|---|---|---|---|---|---|
| 1 | മോഹൻദാസ് | 33101767378 | 2079.00 | 0 | 2295.00 | 0 | 4374.00 |
| 2 | ശിവരാമൻ | 33044012080 | 2532.00 | 0 | 2235.00 | 0 | 4767.00 |
| 3 | വിനോദ് | 6011101002597 | 2004.00 | 0 | 2739.00 | 0 | 4743.00 |
| 4 | ഗോപാലൻ | 31514435462 | 3177.00 | 0 | 4098.00 | 0 | 7275.00 |
| 5 | നിഷ | 35976589857 | 2613.00 | 0 | 0 | 4218 | 6831.00 |
| 6 | ഇബ്രാഹിം എൻ | 33757200801 | 2610.00 | 0 | 0 | 0 | 2610.00 |
| 7 | കുഞ്ഞുമൊയ്തീൻ | 30236856028 | 0 | 3849.00 | 0 | 0 | 3849.00 |
| 8 | കദീജ | 6011101000027 | 0 | 3843.00 | 0 | 4537.00 | 8380.00 |
| 9 | മുസ്തഫ | 13150100086105 | 0 | 0 | 2040.00 | 0 | 2040.00 |
| 10 | മൊഹിയുദ്ദീൻ | 18870100000229 | 0 | 0 | 4827.00 | 0 | 4827.00 |
| 11 | ഹരിദാസൻ | 20148902592 | 0 | 0 | 2904.00 | 0 | 2904.00 |

4) 2020-21 വർഷത്തിലെ 9/20 മുതൽ 10/20 വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 4/20തൽ 8/20 വരെയും 11/20 മുതൽ 3/21 വരെയും ഉള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്കു സബ്സിഡി നൽകിയിട്ടില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സംയുക്ത പദ്ധതികൾ മുഖേന ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിഹിതം യഥാസമയം ലഭ്യമാക്കിയും, തനത് ഫണ്ടിൽ നിന്നും കൂടുതൽ തുക വകയിരുത്തിയും ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷത്തിലെ മുഴുവൻ കാലയളവിലും സബ്സിഡി നൽകുന്നതിന് ഉതകുംവിധം പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിന് വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.
2. ക്ഷീര സംഘങ്ങളിൽ പരിപാലിക്കുന്ന പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി അർഹമായ തുക മാത്രം

സബ്സിഡിയായി അനുവദിക്കേണ്ടതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലവഴിക്കണമെന്ന, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പ്രൊജക്ടുകളുടെ നിർവ്വഹണത്തിലും, സബ്സിഡി അനുവദിക്കുന്നതിലും പാലിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കേണ്ടതാണ്.

### 1-15 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വാങ്ങി നൽകൽ -നിർവ്വഹണത്തിൽ വീഴ്ച

പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനും, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്, നിരീക്ഷണങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

### 1-15-1 അർഹതയില്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നൽകി

പ്രൊജക്ട് – SO 236/21-പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്
അടങ്കൽ- 200000 (വികസന ഫണ്ട് രൂ 120588 +തനത് ഫണ്ട്-രൂ .29412+ ഗുണഭോക്തൃ വിഹിതം രൂ 50000.00 )
ചെലവ് – 135360 ( ബിൽ നം 3 തീ 19.6.20 രൂ 74025.00 + ചെക്ക് നം 000713/2.7.20 -രൂ 24675.00 + ചെക്ക് നം 000719/26.3.21രൂ.9165.00+ ബിൽ നം 13 തീ 31.3.21 രൂ 27495.00)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം പട്ടിക ജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് സെൽസെർ പോളിമേഴ്സ്, മുണ്ടൂർ,തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് നികുതികളടക്കം 2820.00 രൂപ നിരക്കിൽ 48 പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നം T/2731/2019 തീ 19.8.19 സാക്ഷ്യപത്രപ്രകാരം സെൽസെർ പോളിമേഴ്സ്, വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണെന്നും, ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉണ്ടെന്നും ( UAM No.KL13B0004269 Dated 23.11.17) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനെതുടർന്ന് ഇ എം ഡി, ടെണ്ടർ ഫോം വില എന്നിവ അടവാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ഒഴിവ് അനുവദിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.23 അനുസരിച്ച് ഉൽപ്പാദകർക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ ടെണ്ടർ പരസ്യത്തിലെ നിബന്ധന അനുസരിച്ച് സെൽസെർ പോളിമേഴ്സ് ടെണ്ടർ രേഖകളോടൊപ്പം ഹാജരാക്കിയിരിക്കുന്ന ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് -ISI സാക്ഷ്യപത്രം Kaveri Plasto Container Private Limited,Plot No 19- G, Bidadi Industrial Area, 2nd Phase, Sector-1,Ramanagaram - 562109, Ramanagar, Karnataka എന്ന സ്ഥാപനത്തിന്റേതാണ്. ഇതനുസരിച്ച് സെൽസെർ പോളിമേഴ്സ് നൽകിയ ISI വാട്ടർ ടാങ്കുകൾ നിർമ്മിച്ചിരിക്കുന്നത് Kaveri Plasto Container Private Limited ആണ്. ആയതിനാൽ യഥാർത്ഥ ഉൽപാദകർക്കുള്ള നൽകുന്ന ഇ എം ഡി ( Rs.2000/-), ടെണ്ടർ ഫോം വില (200+ 12% GST) എന്നിവ അടവാക്കുന്നതിൽ ഇളവ് സെൽസെർ പോളിമേഴ്സിന് അനുവദിക്കുവാൻ കഴിയില്ലായിരുന്നു. തെറ്റായ വിവരങ്ങൾ നൽകിയ സെൽസെർ പോളിമേഴ്സിന്റെ ടെണ്ടർ നിരസിക്കേണ്ടതുമായിരുന്നു. അനർഹമായി ടെണ്ടർ ഫോം വില ,ഇ എം ഡി എന്നീ ആനുകൂല്യങ്ങൾ കൈപ്പറ്റിയ സെൽസെർ പോളിമേഴ്സിൽ നിന്നും അവ പലിശ സഹിതം ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-15-2 പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം

പ്രൊജക്റ്റ് – SO 236/21-പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക്

അടങ്കൽ- 200000(വികസന ഫണ്ട് രൂ 120588 +തനത് ഫണ്ട്-രൂ .29412+ ഗുണഭോക്തൃ വിഹിതം രൂ 50000.00 )

ചെലവ് – 135360 ( ബിൽ നം 3 തീ 19.6.20 രൂ 74025.00 + ചെക്ക് നം 000713/2.7.20 -രൂ 24675.00 + ചെക്ക് നം 000719/26.3.21രൂ.9165.00+ ബിൽ നം 13 തീ 31.3.21 രൂ 27495.00)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.6(5) ലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി മേൽ പ്രൊജക്റ്റുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 48 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്തത് സെൽസെർ പോളിമേഴ്സ്, മുണ്ടൂർ,തൃശ്ശൂർ എന്ന വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണ്. എന്നാൽ ടെണ്ടർ പരസ്യത്തിലെ നിബന്ധനയായ "ഉൽപന്നത്തിന് ഐ.എസ്.ഐ സാക്ഷ്യപത്രം വേണമെന്ന വ്യവസ്ഥക്ക്" ഈ സ്ഥാപനം നൽകിയിരിക്കുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ്, ബാംഗ്ലൂർ ബ്രാഞ്ചിൽ നിന്നും Kaveri Plasto Container Private Limited,Plot No 19- G, Bidadi Industrial Area, 2nd Phase, Sector-1,Ramanagaram - 562109, Ramanagar, Karnataka എന്ന സ്ഥാപനത്തിന് ലഭിച്ചതാണ്. ഇത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കു വിരുദ്ധവും, ക്രമപ്രകാരവുമല്ല . ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, വാട്ടർ ടാങ്ക് പ്രൊജക്റ്റുകളിൽ ഐ.എസ്.ഐ സാക്ഷ്യപത്രം നിഷ്കർഷിക്കുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് നൽകുന്ന IS 12701: 1996 മാർക്കും , ഗുണനിലവാരവും, ഫുഡ് ഗ്രേഡ് വിർജിൻ മെറ്റിരിയൽ ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-16 കൃഷി ഓഫീസർ - തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

1)പ്രൊജക്റ്റ് നമ്പർ- 3/21

നിർവഹണം- കൃഷി ഓഫീസർ

പ്രൊജക്റ്റ് – നെൽ കർഷകർക്ക് നെൽ വിത്ത് വിതരണം- ജനറൽ -രണ്ടാം വിള

അടങ്കൽ :രൂ.975050.00(വികസന ഫണ്ട് - 854800.00 + ഗുണ ഭോക്തൃ വിഹിതം-120250.00)

ചെലവ്- 838560.00 ( വികസന ഫണ്ട് - 838560.00 + ഗുണ ഭോക്തൃ വിഹിതം-0.00)

(ബിൽ നം .16/5.1.21രൂ.727560.00 + ബിൽ നം .22/20.121രൂ.111000.00)

2)പ്രൊജക്റ്റ് നമ്പർ- 10/21

നിർവഹണം- കൃഷി ഓഫീസർ

പ്രൊജക്റ്റ് – കർഷകർക്ക് ഗ്രോ ബാഗ് വിതരണം

അടങ്കൽ :രൂ.740000.00 (വികസന ഫണ്ട് - 379250.00 + തനത് ഫണ്ട് -175750.00 + ഗുണ ഭോക്തൃ വിഹിതം-185000.00)

ചെലവ്- 529250.0.00 ( വികസന ഫണ്ട് - 379250.00 + തനത് ഫണ്ട് -150000.00 + ഗുണ ഭോക്തൃ വിഹിതം-0.00)

(ബിൽ നം .5/15.7.20രൂ.206250.00 + ബിൽ നം .17/129.1.21രൂ.173000.00 + തനത് ഫണ്ട് ബിൽ നം 170/4.12.20 (രൂ.150000.00)

മേൽ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിനായി ലഭിച്ച തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ

വരവ്- ചെലവ് വിവരങ്ങൾ കൃഷി ഓഫീസറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.കേരള ട്രഷറി കോഡിലെ (വാല്യം I ) റൂൾ 92 (എ), 131 (സി) എന്നിവ പ്രകാരം എല്ലാ പണമിടപാടുകളും ഇടപാട് നടന്നയുടനെ ക്യാഷ് ബുക്കിൽ ചേർക്കേണ്ടതാണ്.ചെക്ക് / ഡ്രാഫ്റ്റ് എന്നിവ പണമായി കണക്കാക്കി അത് ലഭിച്ചയുടനെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വ്യവസ്ഥകൾ കൃഷി ഓഫീസറുടെ കാഷ് ബുക്കിന്റെ പരിപാലനത്തിൽ പാലിച്ചിട്ടില്ല.

തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ വിശദാംശങ്ങൾ കാഷ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്.

## 1-17 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം.

കോവിഡ് മഹാമാരിയുടെ പ്രിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ 16.07.2020 ൽ CLFTC മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുണ്ട്.CFLTC സെന്ററിനായി വല്ലപ്പുഴ , ചൂരക്കോടിലെ G.H.S എന്ന സ്ഥാപനമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.സെന്ററിന് ആവശ്യമായ സംഭാവനകൾ സ്വീകരിക്കുന്നതിനും, SDRF ൽ നിന്നും ലഭ്യമാവുന്ന തുക നിക്ഷേപിക്കുന്നതിനുമായി ചെർപ്പുളശേരിയിലെ ജില്ലാ ട്രഷറിയിൽ സെക്രട്ടറിയുടെ പേരിൽ STSB അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി പട്ടാമ്പിയിലെ കേരള ബാങ്കിലും അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.വല്ലപ്പുഴയിലെ G.H.S ൽ വയറിംഗ്, പ്ലംബിങ്ങ് എന്നിവ നടത്തി കോവിഡ് ബാധിതർക്കുള്ള ബെഡ്, തലയിണ എന്നിവ 50 എണ്ണം വാങ്ങുകയും, ചെയ്തിട്ടുണ്ട്.തുടർന്ന് കോവിഡ് രോഗ ബാധിതർ കുറവായതിനാലും, കോവിഡ് നിയന്ത്രണത്തിലായതിനാലും, CFLTC പ്രവർത്തനം പുനരാരംഭിക്കുകയുണ്ടായില്ല.ആയതിന് ശേഷം കമ്മ്യൂണിറ്റി കിച്ചൻ G.LP.S. ചെറുകോടിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.4.06.2021 ന് DCC മാനേജ്മെന്റ് കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്.ആയതിന്റെ പ്രവർത്തനങ്ങൾക്കായി KSM കൺവെൻഷൻ എന്ന ഓഡിറ്റോറിയം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.DCC യിലേക്ക് ആവശ്യമായ മെഡിക്കൽ സ്റ്റാഫുകളേയും, ശുചീകരണ തൊഴിലാളികളേയും നിയമിക്കുകയും DCC 11.06.2021 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.DCC യുടെ ദൈനംദിന ചെലവുകൾക്കായി അസിസ്റ്റന്റ് സെക്രട്ടറിയുടേയും, പ്രസിഡന്റിന്റേയും പേരിൽ വല്ലപ്പുഴ ഫെഡറൽ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.11.09.2021 ന് DCC സെന്റർ പ്രവർത്തിച്ച് വന്ന ഓഡിറ്റോറിയം ഉടമസ്ഥൻ കത്ത് മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കി പ്രവർത്തനങ്ങൾക്കായി ചെറുകോടിലെ G.L.P.S തെരഞ്ഞെടുക്കുകയും ചെയ്തു.17.09.2021 ന് ചെറുകോടിലെ G.L.P.S. DCC ആയി പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.1.11.2021 ന് സ്കൂൾ പ്രവർത്തനം തുടങ്ങേണ്ടതായതിനാൽ HM GLPS നൽകിയ കത്ത് പ്രകാരം 13.10.2021 ന് DCC പ്രവർത്തനം പൂർണ്ണമായി നിർത്തുവാൻ തീരുമാനം സ്വീകരിക്കുകയുണ്ടായി.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭ്യമായ തുകകളും, വിനിയോഗം കഴിച്ച് അവശേഷിക്കുന്ന നീക്കിയിരിപ്പിന്റേയും വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| വരവുകൾ | 9,60,900 |
| പലിശ | 173 |
| ആകെ | 9,61,073 |
| ചെലവ് | 9,59,372 |
| നീക്കിയിരിപ്പ് | 1,701 |

പഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിക്കപ്പെടുകയുണ്ടായി എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-18 സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടുകൾ ഹാജരാക്കുകയുണ്ടായില്ല.

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടുകളിൽ താഴെ പറയുന്ന

ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (3/6-05-2022) / മറുപടിയിൽ പ്രസ്തുത പ്രൊജക്ടുകൾ പരിശോധനയിൽ പഞ്ചായത്തിൽ ലഭ്യമല്ലായെന്ന് മനസ്സിലാക്കിയതായി അറിയിച്ചിട്ടുണ്ട്.ഓഡിറ്റിന് ഹാജരാക്കാത്ത പ്രൊജക്ടുകളുടെ ചെലവുതുക ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു .

പ്രൊജക്ടുകളുടെ വിശദവിവരങ്ങൾ :

ക്രമ നം.1

| പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 145/20-21 | ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 75,000 | 48,404 |

ക്രമ നം.2

| പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 339/20-21 | വരൾച്ചയോട് അനുബന്ധിച്ച് കുടിവെള്ള വിതരണം | 3,00,000 | 2,73,240 |

പ്രൊജക്ടുകൾ ഹാജരാക്കുന്നത് വരെ 3,21,644/- തടസ്സവാദം നിലനിൽക്കുന്നു.

## 1-19 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

